(ഇ) ഇത് സംബന്ധിച്ച കേസിൽ ഹൈക്കോടതി പത്തനംതിട്ട ജില്ലാ കളക്ടറുടെ മേൽ കോടതി അലക്ഷ്യം കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(എഫ്) കെ.ജി.എസ്. ഗ്രൂപ്പ് അനധികൃതമായി മണ്ണിട്ട് നികത്തിയ ഭൂമിയിൽ പുറമ്പോക്കും മിച്ചഭൂമിയും ഉൾപ്പെട്ടിട്ടുണ്ടോ ; ഇത് എത്ര അളവ് വരുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആറന്മുള വിമാനത്താവളത്തിനായി കെ.ജി.എസ്. കമ്പനി അനധികൃതമായി നികത്തിയ തോടുകളും നീർച്ചാലുകളും തണ്ണീർത്തടങ്ങളും പൂർവ്വസ്ഥിതിയിലാക്കണമെന്ന ഹൈക്കോടതി വിധി നടപ്പിലാക്കിവരുന്നു. അനധികൃതമായി നികത്തിയ കോഴിത്തോട് പൂർവ്വസ്ഥിരിയിലാക്കുന്ന പ്രവർത്തികൾ 29-6-2015 മുതൽ ആരംഭിച്ചിട്ടുണ്ട്.

(ബി) 16-6-2014-ൽ WP(C)6519/2014 നമ്പരായി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് ലഭിച്ച് രണ്ട് മാസത്തിനകം തോട് പൂർവ്വസ്ഥിതിയിൽ ആക്കണമെന്നായിരുന്നു വിധി.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ശ്രീ. വി. മോഹനൻ CC-52/14 നമ്പരായി ബഹു. ഹൈക്കോടതിയിൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് എതിരെ കോടതി അലക്ഷ്യ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(എഫ്) 2.5727 ഹെക്ടർ പുറമ്പോക്ക് ഭൂമി ഉണ്ട്. മിച്ചഭൂമിയായി ഏറ്റെടുത്ത നടപടി ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ളതും കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡിന്റെ പരിഗണനയിലുമാണ്.

സ്വകാര്യഭൂമിയിലെ ഖനനം

135 (3882) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിൽനിന്നും ഖനനം ചെയ്യുന്ന ധാതുക്കൾക്ക് ഉടമയിൽനിന്നും അവകാശ ധനം പിരിക്കുന്നത് സ്റ്റേ ചെയ്യുകൊണ്ടുള്ള സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്റ്റേ നിലനിൽക്കുമ്പോൾ സ്വകാര്യ ഭൂമിയിൽ നിന്നും ഖനനം നടത്തുന്നതിന് പ്രത്യേക അനുമതി ആവശ്യമുണ്ടോ ; വ്യക്തമാക്കുമോ ;

(സി) സ്റ്റേ കാരണം സർക്കാരിന് അവകാശ ധനമായി ലഭിക്കേണ്ട എത്ര രൂപ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ :

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്റ്റേ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കാനും പുതിയ നിയമ നിർമ്മാണത്തിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വകാര്യ ഭൂമിയിൽനിന്നും ഖനനം ചെയ്യുന്ന ധാതുക്കൾക്ക് ഉടമയിൽനിന്നും അവകാശ ധനം പിരിക്കുന്നത് സ്റ്റേ ചെയ്യുകൊണ്ടുള്ള പൊതുവായ ഒരു ഉത്തരവ് ബഹു. സുപ്രീംകോടതിയിൽ നിന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മലബാർ മേഖലയിലെ സ്വകാര്യ ഭൂമിയിൽ ധാതുക്കളിൻമേലുള്ള അവകാശം ഭൂവുടമയ്ക്കാണെന്ന് ത്രേസ്യാമ്മ ജേക്കബ് Vs ജില്ലാ ജിയോളജിസ്റ്റ്, മൈനിംഗ് അന്റ് ജിയോളജി, പാലക്കാട് (സിവിൽ അപ്പീൽ നമ്പർ 4543/2000) എന്ന കേസിൽ 8-7-2013-ലെ ഉത്തരവിലൂടെ ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ കേസിൽ മലബാർ മേഖലയിലെ സ്വകാര്യ ഭൂമിയിൽനിന്നും സർക്കാരിന് റോയൽറ്റി ഈടാക്കാമോ എന്ന കാര്യത്തിൽ തീർപ്പ് കൽപ്പിച്ചിരുന്നില്ല. പ്രസ്തുത വിഷയം സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ പരിഗണനയിലാണ്. കൂടാതെ കോഴിക്കോട് ജില്ലയിലെ അനധികൃതഖനനവുമായി ബന്ധപ്പെട്ട് റോയൽറ്റി ഈടാക്കുന്നതിനായി ശ്രീ. കെ. പി. ബാലകൃഷ്ണൻ നായർ എന്നയാൾക്ക് 13-6-2014-ന് മൈനിംഗ് ആന്റ് ജിയോളജി കോഴിക്കോട് ജില്ലാ ഓഫീസിൽനിന്ന് നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ ടിയാൻ സിവിൽ അപ്പീൽ നമ്പർ 4543/2000-ൽ ഒരു IA ഫയൽ ചെയ്തിരുന്നു. ആയതിൽ 20-4-2015-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം മേൽ സൂചിപ്പിച്ച ഡിമാന്റ് നോട്ടീസിന്മേലുള്ള തുടർ നടപടികൾ സ്റ്റേ ചെയ്തിട്ടുണ്ട്.

(ബി) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം ധാതുക്കളിലുള്ള അവകാശം സ്വകാര്യ വ്യക്തിയിൽ നിക്ഷിപ്തമായിരിക്കുമ്പോൾ സ്ഥലമുടമയ്ക്ക് തന്നെ ക്വാറിയിംഗ് പെർമിറ്റ് പ്രസ്തുത ചട്ടങ്ങളിലെ അദ്ധ്യായം II-ലെ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കാവുന്നതാണ്. കൂടാതെ പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽനിന്നല്ലാതെ മറ്റ് വകുപ്പുകളിൽനിന്നും നിയമപരമായി ലഭിക്കേണ്ട പെർമിറ്റുകൾ/ലൈസൻസുകൾ/ നിരാക്ഷേപ പത്രങ്ങൾ പെർമിറ്റിനായി അപേക്ഷിക്കുന്ന വ്യക്തി സമ്പാദിക്കേണ്ടതാണ്. കരിങ്കല്ല് ഖനനത്തെ സംബന്ധിച്ചിടത്തോളം ആയതിന് പുതുതായി ഒരു ക്വാറിയിംഗ് പെർമിറ്റ് അനുവദിക്കണമെങ്കിൽ മൈനിംഗ് പ്ലാനും പരിസ്ഥിതി ക്ലിയറൻസും കൂടാതെ പൊല്യൂഷൻ കൺട്രോൾ ബോർഡിൽനിന്നുള്ള സമ്മതപത്രം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്നുള്ള ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ലഭ്യമാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഹു. സുപ്രീംകോടതിയിൽ നിന്ന് ഉത്തരവുണ്ടായിട്ടുണ്ടെങ്കിലും ഭൂവുടമകൾ സ്വന്തം സ്ഥലത്ത് പെർമിറ്റ് അനുവദിച്ച 5 കേസുകൾ മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ. ടി കേസുകളിൽ സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടില്ല.

(ഡി) ത്രേസ്യാമ്മ ജേക്കബ് Vs ജില്ലാ ജിയോളജിസ്റ്റ് എന്ന കേസിൽ 8-7-2013-ൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ അപ്പീൽ സമർപ്പിക്കുന്നതിന് പകരം പുതിയ നിയമനിർമ്മാണം നടത്തുവാൻ സംസ്ഥാനത്തിന് സാധിക്കുമെന്ന അഡ്വ. ജനറലിന്റെ നിയമോപദേശത്തെ തുടർന്ന് ഇത് സംബന്ധിച്ച കരട് ബില്ല് സമർപ്പിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇലക്ഷൻ സംബന്ധിച്ച താലൂക്ക് ആഫീസിലെ പ്രവർത്തനങ്ങൾ

136 (3883) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനൃവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽനിന്നും ഇലക്ഷൻ സംബന്ധിച്ച ഓഫീസ് പ്രവർത്തനങ്ങൾ വെള്ളരിക്കുണ്ട് താലൂക്കിലേക്ക് മാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിന്റെ ഇലക്ഷൻ വിഭാഗം ഹോസ്ദുർഗ്ഗ് താലൂക്കാഫീസിൽനിന്നും വെള്ളരിക്കുണ്ട് താലൂക്കാഫീസിലേക്ക് മാറ്റി വിജ്ഞാപനം ഇറക്കിയിരുന്നു. പക്ഷേ ഇതിനെതിരെ വിവിധ തലങ്ങളിൽ പ്രതിഷേധം ഉയർന്ന സാഹചര്യത്തിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിന്റെ ഇലക്ഷൻ വിഭാഗം തിരികെ ഹോസ്ദുർഗ്ഗ് താലൂക്കാഫീസിലേക്കുതന്നെ മാറ്റുന്നതിന് ഇലക്ഷൻ കമ്മീഷന് പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് അംഗീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. നിലവിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിന്റെ ഇലക്ഷൻ വിഭാഗം ഹോസ്ദുർഗ്ഗ് താലൂക്കാഫീസിൽ തന്നെയാണ് പ്രവർത്തിക്കുന്നത്.

ചടയമംഗലം മണ്ഡലത്തിലെ പട്ടയ വിതരണം

137 (3884) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനൃവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ വിവിധ വില്ലേജുകളിലായി പട്ടയം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാൻ നിലവിലുണ്ട് ; പ്രസ്തുത അപേക്ഷകൾ ഉടനെ തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly